**മധുരമായ കുട്ടികളേ - ബാബ രുദ്രജ്ഞാന യജ്ഞം രചിച്ചിരിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണരാണ് ഈ യജ്ഞത്തിന്റെ സംരക്ഷകർ അതുകൊണ്ട് നിങ്ങൾ തീർച്ചയായും പവിത്രമായിരിക്കണം.**

**ചോദ്യം:-** അന്തിമസമയത്ത് ബാബ ഏത് കുട്ടികളെയാണ് സഹായിക്കുക?
**ഉത്തരം:-** ഏത് കുട്ടികളാണോ നല്ല രീതിയിൽ സേവനം ചെയ്യുന്നത് അവർക്ക് അന്തിമഘട്ടത്തിൽ വളരെ ആപത്തുകൾ ഉണ്ടാകുന്ന സമയത്ത് സഹായം ലഭിക്കും. ബാബയുടെ സഹായികളാകുന്നവരെ തീർച്ച യായും ബാബ സഹായിക്കും.

**ചോദ്യം:-** അതിശയകരമായ മുഖമേതാണ്? അതിന്റെ ഓർമ്മചിഹ്നം ഏത് രൂപത്തിലാണുള്ളത്?
**ഉത്തരം:-** മുഖമില്ലാത്ത ശിവബാബ ഈ ബ്രഹ്മാവിന്റെ മുഖത്തെ ആധാരമായി എടുത്തപ്പോൾ ഇത് അതി ശയകരമായ മുഖമായി മാറി. അതുകൊണ്ട് നിങ്ങൾ കുട്ടികൾ സൻമുഖത്ത് കാണുവാനായി വരുന്നു. ഇതിന്റെ ഓർമ്മചിഹ്നമായിയാണ് രുദ്രമാലയിൽ മുഖം കാണിച്ചിരിക്കന്നത്.

***ഗീതം:-*** എത്ര മധുരമായത്, എത്ര പ്രിയപ്പെട്ടത്.....

**ഓം ശാന്തി**. പരിധിയില്ലാത്ത ബാബ പറയുന്നു ഞാൻ ഒരേ ഒരു പ്രാവശ്യമാണ് 5000 വർഷങ്ങൾക്കു ശേഷം കുട്ടികളുടെ മുഖം കാണുന്നത് . ബാബയ്ക്ക് തന്റേതായ മുഖം ഇല്ല. ശിവബാബ പഴയ ശരീരത്തെ ലോണായി എടുക്കുന്നു. അപ്പോൾ നിങ്ങൾ ബാപ്ദാദ, രണ്ടുപേരുടെയും മുഖം കാണുന്നു. അതുകൊണ്ടാണ് ബാപ്ദാദയുടെ സ്നേഹസ്മരണങ്ങൾ സ്വീകരിച്ചാലും എന്ന് പറയുന്നത്. കുട്ടികൾ രുദ്രമാല കണ്ടിട്ടുണ്ട്, അതിൽ മുഖം കാണിക്കാറുണ്ട്. രുദ്രമാല ഉണ്ടാക്കുമ്പോൾ ശിവബാബയുടെ ഇങ്ങനെയുള്ള മുഖം കാണിക്കാറുണ്ട്. ശിവബാബയും വന്ന് ശരീരം ലോണായി എടുക്കുന്നു എന്ന് ആർക്കും അറിയില്ല. ശിവബാബ ഈ ബ്രഹ്മാവിന്റെ മുഖത്തിലൂടെ സംസാരിക്കുന്നു. അപ്പോൾ ഇത് ശിവ ബാബയുടെ മുഖമായില്ലേ. ഇപ്പോൾ ഒരേ ഒരു പ്രാവശ്യം ബാബ വന്ന് കുട്ടികളുടെ മുഖം കാണുന്നു. ശിവ ബാബ ഈ മുഖം വാടകയ്ക്ക് ലോണായി എടുത്തിരിക്കുകയാണെന്ന് കുട്ടികൾക്ക് അറിയാം. ഇങ്ങനെ യുള്ള അച്ഛന് തന്റെ കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ എത്ര പ്രയോജനം ഉണ്ടാകുന്നു. ഏറ്റവും ആദ്യം ഈ ബ്രഹ്മാവിന്റെ കാതുകൾ കേൾക്കുന്നു. നിങ്ങൾ പെട്ടെന്ന് കേൾക്കുന്നുണ്ടെങ്കിലും ഏറ്റവും അടുത്തു ള്ളത് ഈ ബ്രഹ്മാവിന്റെ കാതുകളാണ്. നിങ്ങളുടെ ആത്മാവ് ദൂരെയല്ലേ ഇരിക്കുന്നത്. ആത്മാവ് കാതുക ളിലൂടെ കേൾക്കുമ്പോൾ കുറച്ച് വ്യത്യാസം ഉണ്ടാകുന്നു. നിങ്ങൾ കുട്ടികൾ സൻമുഖത്ത് മുഖം കാണു വാനായി ഇവിടെ വരുന്നു. ഇത് അതിശയകരമായ മുഖം ആണ്. നിരാകാരനായ ശിവബാബ ഇവിടെ വന്ന് പ്രവേശിക്കുന്നു, ശിവബാബയുടെയും ദേശമാണ് ഭാരതം. അതുകൊണ്ടാണ് ശിവരാത്രി ആഘോഷിക്കു ന്നത്. ഭാരതം, അവിനാശിയായ പരംപിതാ പരമത്മാവിന്റെ ജന്മസ്ഥലമാണ്. എന്നാൽ ബാബയുടെ ജന്മം മറ്റ് മനുഷ്യരെപ്പോലെയല്ല. ഞാൻ വന്ന് ഈ ബ്രഹ്മാവിൽ പ്രവേശിക്കുന്നു കൂടാതെ പിന്നെ കുട്ടികൾക്ക് ജ്ഞാനം കേൾപ്പിക്കുന്നു എന്ന് സ്വയം പറയുന്നു. മറ്റ് സർവ്വ ആത്മാക്കൾക്കും തന്റേതായ ശരീരം ഉണ്ട്. എനിക്ക് ശരീരം ഒന്നുമില്ല. ശിവനെ സാധാരണ ലിംഗരൂപത്തിൽ കാണിക്കുന്നു. രുദ്രയജ്ഞം രചിക്കു മ്പോൾ മണ്ണുരുട്ടി ലിംഗങ്ങൾ ഉണ്ടാക്കുന്നു. സാളിഗ്രാമങ്ങൾ ചെറുതു ചെറുതായി ഉണ്ടാക്കുന്നു. ശിവ ലിംഗം വലുതായി ഉണ്ടാക്കുന്നു. വാസ്തവത്തിൽ ചെറുതും വലുതുമല്ല. ശിവബാബ അച്ഛനാണ്, ബാക്കി എല്ലാവരും കുട്ടികളാണ് എന്ന് കാണിക്കുവാനായി ഇങ്ങനെ ചെയ്യുന്നു. രണ്ടു പേരുടെ പൂജയും വെവ്വേറെ ചെയ്യുന്നു. അത് ശിവനാണ് മറ്റേത് സാളിഗ്രാമങ്ങളാണ് എന്നൊക്കെ അറിയാം. സർവ്വതും ശിവൻ തന്നെ ശിവൻ എന്നു പറയാറില്ല. ശിവലിംഗം വലുതായി ഉണ്ടാക്കുന്നു. സാളിഗ്രാമങ്ങൾ ചെറുതു ചെറുതായി ഉണ്ടാക്കുന്നു. ശിവന്റെ കൂടെയുള്ള കുട്ടികളാണ് ഇത് സർവ്വതും. ഈ സാളിഗ്രാമങ്ങളുടെ പൂജ എന്തു കൊണ്ടാണ് ചെയ്യുന്നത് എന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. കാരണം നിങ്ങൾ സർവ്വരും ആത്മാക്കള ല്ലേ. നിങ്ങൾ ഈ ശരീരത്തോടൊപ്പം ഭാരതത്തിനെ ശ്രേഷ്ഠാചാരിയാക്കുകയാണ്. ശിവബാബയുടെ ശ്രീമതം സാളിഗ്രാമങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. രുദ്രശിവബാബയുടെ ഈ ജ്ഞാനയജ്ഞം രചിച്ചിരിക്ക യാണ്. ശിവബാബ സംസാരിക്കുന്നു. സാളിഗ്രാമങ്ങളും സംസാരിക്കുന്നു. ഇത് അമരകഥ, സത്യനാരായ ണന്റെ കഥയാണ്. മനുഷ്യനെ നരനിൽനിന്നും നാരായണനാക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ പൂജ ശിവബാ ബയുടേതല്ലേ, ആത്മാവ് വളരെ വലുതൊന്നുമല്ല. തീർത്തും ബിന്ദു പോലെയാണ്. അതിൽ എത്ര ജ്ഞാന മാണ്. എത്ര പാർട്ടാണ് നിറഞ്ഞിരിക്കുന്നത്. ഞാൻ ശരീരത്തിൽ പ്രവേശിച്ച് പാർട്ട് അഭിനയിക്കുന്നു എന്ന്

ഇത്ര ചെറിയ ആത്മാവ് പറയുന്നു. ശരീരം എത്ര വലുതാണ്. ശരീരത്തിൽ ആത്മാവ് പ്രവേശിക്കുമ്പോൾ കുട്ടിയായിരിക്കുമ്പോൾ തൊട്ടുതന്നെ പാർട്ടഭിനയിക്കാൻ തുടങ്ങുന്നു. അനാദിയായ അവിനാശിയായ പാർട്ട് ലഭിച്ചിരിക്കുകയാണ്. ശരീരം ജഡമാണ്. അതിൽ ചൈതന്യമായ ആത്മാവ് പ്രവേശിച്ച്, അതിനു ശേഷം ഗർഭത്തിൽ ശിക്ഷകൾ അനുഭവിക്കാൻ തുടങ്ങുന്നു. ശിക്ഷകൾ എങ്ങനെയാണ് അനുഭവിക്കുന്നത്? ഭിന്ന ഭിന്ന ശരീരം ധാരണ ചെയ്ത്, ആർക്കെല്ലാം ഏതെല്ലാം രൂപത്തിൽ ദുഃഖം നൽകിയോ അതിന്റെ സാക്ഷാത്കാരം ലഭിച്ചുകൊണ്ടിരിക്കും. ശിക്ഷ ലഭിച്ചുകൊണ്ടിരിക്കും. രക്ഷിക്കണേ, രക്ഷിക്കണേ എന്ന് പറയും. അതുകൊണ്ടാണ് ഗർഭ ജയിൽ എന്നു പറയുന്നത്. ഡ്രാമ എത്ര നന്നായാണ് ഉണ്ടാക്കിയിരിക്കുന്നത്. എത്ര പാർട്ടാണ് അഭിനയിക്കുന്നത്. ആത്മാവ് പ്രതിജ്ഞ ചെയ്യുന്നു. – ഞാൻ ഒരിക്കലും പാപം ചെയ്യില്ല. ഇത്ര ചെറിയ ആത്മാവിന് എത്ര അവിനാശിയായ പാർട്ടാണ് ലഭിച്ചിട്ടുള്ളത്. 84 ജന്മങ്ങളുടെ പാർട്ട് അഭിനയിച്ച് പിന്നെ പുനരാവർത്തിക്കുന്നു. അത്ഭുതമല്ലേ. ഇത് ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു. ഇത് യഥാർത്ഥ കാര്യമാണെന്ന് കുട്ടികൾക്കുമറിയാം. ഇത്ര ചെറിയ ബിന്ദുവിൽ എത്ര പാർട്ടാണ്. വളരെയധികം പേർക്ക് ആത്മാവിന്റെ സാക്ഷാത്കാരം ഉണ്ടാകുന്നു. ആത്മാവ് നക്ഷത്രമാണ്, അത് ഭ്രുകുടിയുടെ മദ്ധ്യത്തിൽ ഇരിക്കുന്നു എന്ന് പാടാറുണ്ട്. എത്ര പാർട്ട് അഭിനയിക്കുന്നു, ഇതിനെയാണ് ഈശ്വരീയ സൃഷ്ടിയെന്ന് പറയുന്നത്. നാം ആത്മാക്കൾ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് സ്വീകരിക്കുമെന്ന് നിങ്ങൾക്കറിയാം. എത്ര പാർട്ടാണ് അഭിനയിക്കുന്നത്. നമുക്ക് ബാബ വന്ന് മനസിലാക്കി തരുന്നു. എത്ര ഉയർന്ന ജ്ഞാനമാണ്. ലോകത്തിലുള്ള ആർക്കും തന്നെ ഈ ജ്ഞാനം ഇല്ല. ഈ ബ്രഹ്മാവ് മനുഷ്യനായിരുന്നില്ലേ. ഈ ബ്രഹ്മാവിൽ ബാബ ഇപ്പോൾ പ്രവേശിച്ചിരിക്കുകയാണ്. ഗുരു–പണ്ഢിതരുടെ ശിഷ്യനാണ് എന്നല്ല. അവരിൽ നിന്ന് സിദ്ധികൾ പഠിച്ചിട്ടുണ്ട്, ഗുരുവിന്റെ വരദാനം അഥവാ ഗുരുവിന്റെ ശക്തി ലഭിച്ചിട്ടുണ്ട് എന്നൊക്കെ ചിലർ കരുതുന്നു എന്നാൽ അങ്ങനെയല്ല. ഇവിടുത്തെ കാര്യം തന്നെ വ്യത്യസ്തമാണ്. സൻമുഖത്തിരുന്ന് കേൾക്കുമ്പോൾ നിങ്ങൾക്ക് വളരെ ലഹരി ഉണ്ടാകുന്നു. ബാബ നമുക്ക് സൻമുഖത്തിരുന്ന് മനസിലാക്കിത്തരുകയാണെന്ന് അറിയാം. ബാബയും എത്ര ചെറുതാണ്. ബാബയെ പരമപിതാ പരമാത്മാ, പരമം അർത്ഥ സുപ്രീം എന്ന് വിളിക്കുന്നു. ഉയർന്നതിലും ഉയർന്ന പരംധാമത്തിൽ വസിക്കുന്നവനാണ്. ഉയർന്നതിലും ഉയർന്നതിൽ നിങ്ങൾ കുട്ടികളും വസിക്കുന്നു. ബാബ എത്ര സൂക്ഷ്മമായ കാര്യങ്ങളാണ് കേൾപ്പിച്ചു തരുന്നത്. ആരംഭത്തിൽ ഒന്നും പറഞ്ഞു തന്നില്ല. ദിവസങ്ങൾ കടന്നുപോകും തോറും നിങ്ങൾ കുട്ടികൾക്ക് എത്ര ഗംഭീരമായ ജ്ഞാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ആരാണ് നൽകുന്നത്. പരമോന്നതനായ ഭഗവാൻ. ആ ഭഗവാൻ വന്ന് പറയുന്നു– കുട്ടികളെ....
ആത്മാവ് എങ്ങനെയാണ് അവയവത്തിലൂടെ സംസാരിക്കുന്നത്. ആത്മാവ് ഭ്രുകുടിക്ക് മദ്ധ്യത്തിൽ തിളങ്ങുന്നു എന്നു പറയാറുണ്ട്. എന്നാൽ കേവലം പറയുവാൻ വേണ്ടി മാത്രം പറയുന്നു. ആരുടെയും ബുദ്ധിയിൽ വരുന്നില്ല. മറ്റുള്ളവർക്ക് മനസിലാക്കികൊടുക്കാൻ ആർക്കും ജ്ഞാനം ഇല്ല. നിങ്ങളിലും വളരെ കുറച്ചു പേർ മാത്രമേ ഇക്കാര്യം മനസിലാക്കുന്നുള്ളൂ. മനസ്സിലാക്കുന്നവർ നല്ലരീതിയിൽ ധാരണ ചെയ്യുന്നു. കൂടാതെ ധാരണ ചെയ്യിപ്പിക്കുന്നു അതായത് വർണ്ണിക്കുന്നു. പരമപിതാ പരമാത്മാവ് എന്ന് വിളിക്കുന്നുവെങ്കിൽ പിതാവിൽ നിന്ന് തീർച്ചയായും ആസ്തി ലഭിക്കേണ്ടേ. സ്വർഗ്ഗത്തിന്റെ അധികാരിയാകണം. അവർക്ക് ബാബയിൽ നിന്നും തീർച്ചയായും സ്വർഗ്ഗത്തിന്റെ ആസ്തി ലഭിച്ചിട്ടുണ്ടാകും. എവിടെയായിരിക്കും ആസ്തി നല്കുന്നത്? സത്യയുഗത്തിൽ വെച്ചാണോ നൽകിയത്? തീർച്ചയായും കഴിഞ്ഞ സമയത്തെ കർമ്മത്തിനനുസരിച്ചാണ്. നിങ്ങളിപ്പോൾ കർമ്മത്തിന്റെ തത്ത്വത്തെക്കുറിച്ചും മനസ്സിലാക്കി. നിങ്ങൾക്ക് ഇങ്ങനെയാകുവാനുള്ള കർമ്മം ബാബ പഠിപ്പിച്ചുതരുകയാണ്. നിങ്ങൾ ബ്രഹ്മാമുഖവംശാവലികൾ ആകുമ്പോൾ ശിവബാബ ബ്രഹ്മാവിന്റെ മുഖത്തിലൂടെ നിങ്ങൾക്ക് ഈ ജ്ഞാനം കേൾപ്പിക്കുന്നു. രാത്രിയും പകലും പോലെ എത്ര വ്യത്യാസമാണ് . ഇപ്പോൾ എത്ര ഘോരഅന്ധകാരമാണ്. പ്രകാശം നൽകുന്ന ബാബയെ ആർക്കും അറിയില്ല. ഈ കർമ്മക്ഷേത്രത്തിൽ ഞങ്ങൾ അഭിനേതാക്കൾ പാർട്ട് അഭിനയിക്കുവാൻ വന്നിരിക്കുകയാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഞങ്ങൾ ആരാണ്, ഞങ്ങളുടെ അച്ഛൻ ആരാണ്, ഒന്നും തന്നെ അറിയില്ല. സൃഷ്ടി ചക്രം എങ്ങനയാണ് കറങ്ങുന്നത് ഒന്നും തന്നെ അറിയില്ല. അഹല്യകളെ, കൂനികളെ, ഗണികകളെ വന്ന് പഠിപ്പിക്കും എന്ന് മഹിമ പാടാറുണ്ട്. പ്രദർശിനിയിൽ വളരെ വലിയ ആളുകളും വരാറുണ്ട് എന്നാൽ അവരുടെ ഭാഗ്യത്തിലില്ല. ബാബ ദരിദ്രരുടെ തോഴനാണ്. 100 പേരിൽ വെച്ച് ഒരു ധനികനെ കിട്ടുന്നതു തന്നെ വളരെ പ്രയാസമാണ്. എന്നിരുന്നാലും ഉയർന്ന പദവി നേടുവാനായി വിരളം പേരെ പുരുഷാർത്ഥം ചെയ്യൂ. നിങ്ങൾ പാവപ്പെട്ടവരാണ്. അമ്മമാരുടെ പക്കൽ വളരെ ധനമൊന്നും ഉണ്ടാകില്ല. കന്യകമാർക്ക് എവിടുന്ന് ലഭിക്കാനാണ്. അമ്മമാരാണെങ്കിൽ പിന്നെയും പകുതി പങ്കാളിയാണ്. കന്യകമാർക്ക് ഒന്നും ലഭിക്കാറില്ല. അവർ അവിടേക്ക് പോയി പകുതി പങ്കാളിയാകുന്നു. ആസ്തി നേടാൻ സാധിക്കില്ല. ആൺകുട്ടികളാണെങ്കിൽ പൂർണമായും അവകാശികളാകുന്നു. അതുകൊണ്ട് ഇങ്ങനെയുള്ള കന്യകകളെയാണ് ഏറ്റവും ആദ്യം ബാബ തന്റേതാക്കുന്നത്. ഒന്നാമതായി പഠിത്തം പഠിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മാചാരി ജീവിതമാണ്, പാവപ്പെട്ടവരാണ്, പവിത്രമാണ്, അവർക്കാണ് പൂജ ലഭിക്കുന്നത്. ഇതൊക്കെ ഇപ്പോ

ഴത്തെ കാര്യമാണ്. ഇപ്പോൾ നിങ്ങളുടെ പ്രവൃത്തി എന്താണോ നടക്കുന്നത് അതിന് പിന്നീട് പൂജ ലഭിക്കുന്നു. ശിവജയന്തി ഉണ്ടാകാതെ കൃഷ്ണജയന്തി ഉണ്ടാകില്ല. ശിവജയന്തിക്കു ശേഷം കൃഷ്ണന്റെ, രാമന്റെ ജയന്തി എന്ന് നിങ്ങൾക്കറിയാം. ശിവജയന്തിയിലൂടെയാണ് ജഗദംബയുടെയും ജഗദ്പിതാവിന്റെയും ജന്മം ഉണ്ടാകുന്നത്. എങ്കിൽ തീർച്ചയായും ജഗത്തിന്റെ ആസ്തിയും ലഭിക്കും. നിങ്ങൾക്ക് മുഴുവൻ ജഗത്തിന്റെ ആസ്തിയും ലഭിക്കും. നിങ്ങൾ മുഴുവൻ ജഗത്തിന്റെ അധികാരികളാകുന്നു. ജഗത്മാതാവാണ് ജഗത്തിന്റെ അധികാരി. ജഗദംബയുടെ വളരെയധികം മേളകൾ വെയ്ക്കാറുണ്ട്. ബ്രഹ്മാവിനെ ഇത്ര പൂജിക്കാറില്ല. ബാബ മാതാക്കളെയാണ് മുന്നിൽ വെയ്ക്കുന്നത്. ശിവശക്തികളായ മാതാക്കളെ സർവ്വരും തരംതാഴ്ത്തി. പ്രത്യേകിച്ചും പതികൾ, ശിവൻ പതികളുടെയും പതിയാണ്. ഈ ജഗദംബയുടെ പെൺകുട്ടികൾ മാസ്റ്റർ ജഗദംബകളല്ലേ എന്ന് കന്യകകൾക്ക് മനസിലാക്കി തരുന്നു. ഈ പെൺകുട്ടികൾ അമ്മയെപ്പോലെ തന്നെ കാര്യങ്ങൾ ചെയ്യുന്നു.
മമ്മയെപ്പോലെ നിങ്ങളും ത്രികാലദർശികളാകുന്നു. പുരുഷനും സ്ത്രീയും രണ്ടുപേരുമുണ്ട്. പ്രവൃത്തി മാർഗ്ഗമല്ലേ. അമ്മമാരാണ് കൂടുതലായുള്ളത്. പേരും അമ്മമാരുടെയാണ് പ്രശസ്തം. ബ്രഹ്മാവിനത്ര പ്രശസ്തിയില്ല. സാരസിദ്ധ ബ്രാഹ്മണർ ബ്രഹ്മാവിനെ പൂജിക്കുന്നു. സാരസിദ്ധരും പുഷ്ക്കരണികളും ഇങ്ങനെ രണ്ടു പ്രകാരത്തിലെ ബ്രാഹ്മണരുണ്ട്. ശാസ്ത്രങ്ങൾ കേൾപ്പിക്കുന്നവർ വേറെയുണ്ട്. ഈ സർവ്വകാര്യങ്ങളും ബാബയിരുന്ന് മനസിലാക്കിത്തരുന്നു. എങ്ങനെയാണ് ചക്രം കറങ്ങുന്നത്. എങ്ങനെയാണ് വരുന്നത്. ഞാൻ വീണ്ടും 5000 വർഷങ്ങൾക്കുശേഷം ജ്ഞാനം കേൾപ്പിക്കും എന്ന് പ്രതിജ്ഞയില്ലേ. ഗീതത്തിലും ഉണ്ടല്ലോ. എന്താണോ കഴിഞ്ഞുപോയത് അതിനെക്കുറിച്ച് പിന്നീട് ഭക്തി മാർഗ്ഗത്തിൽ മഹിമ പാടുന്നു. ഇത് അനാദിയായ ഡ്രാമയാണ്. ഒരിക്കലും ഷൂട്ട് ചെയ്യുന്നില്ല. ഇതിന് ആദി മദ്ധ്യ അന്ത്യമില്ല. ഇത് നടന്നുകൊണ്ടേയിരിക്കുന്നു. ഈ ഡ്രാമ എങ്ങനെയാണ് നടക്കുന്നത് എന്ന് ബാബ വന്ന് മനസിലാക്കിത്തരുന്നു. നിങ്ങൾക്കാണ് 84 ജന്മങ്ങൾ അനുഭവിക്കേണ്ടിവരുന്നത്. നിങ്ങളാണ് ബ്രാഹ്മണൻ, ദേവത, ക്ഷത്രിയൻ തുടങ്ങി വർണ്ണങ്ങളിൽ വരുന്നത്. ശിവബാബയെയും ബ്രാഹ്മണരേയും മറച്ചുകളഞ്ഞു. ബ്രഹ്മാവിലൂടെ നിങ്ങൾ ബ്രാഹ്മണരാകുന്നു. ബ്രാഹ്മണരാണ് യജ്ഞം സംരക്ഷിക്കുന്നത്. പതീതർക്ക് യജ്ഞം സംരക്ഷിക്കാൻ സാധിക്കില്ല. യജ്ഞം രചിച്ചുകഴിയുമ്പോൾ പിന്നീട് വികാരത്തിലേക്ക് പോകില്ല. യാത്രാ സമയത്തും വികാരത്തിലേക്ക് പോകില്ല. നിങ്ങൾ ആത്മീയയാത്രയിലല്ലേ, അതുകൊണ്ട് നിങ്ങൾക്ക് വികാരത്തിലേക്ക് പോകുവാൻ സാധിക്കില്ല. അല്ലെങ്കിൽ വിഘ്നം ഉണ്ടാകും. നിങ്ങളുടേത് ആത്മീയയാത്രയാണ്. ഞാൻ നിങ്ങൾ കുട്ടികളെ കൂട്ടിക്കൊണ്ടുപോകുവാൻ വന്നിരിക്കുകയാണ്. ബാബ പറയുന്നു കൊതുകിൻ കൂട്ടത്തെ പോലെ കൂട്ടിക്കൊണ്ടുപോകും. അവിടെ നിന്നാണ് നമ്മൾ ആത്മാക്കൾ വന്നിരിക്കുന്നത്. അതാണ് പരംധാമം അവിടെ ആത്മാക്കൾ നിവസിക്കുന്നു. പിന്നീട് നമ്മൾ വന്ന് ദേവതകൾ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ആകുന്നു. ഇപ്പോൾ വീണ്ടും ബ്രാഹ്മണനായിരിക്കുന്നു. ബ്രാഹ്മണനാകുന്നവർ സ്വർഗ്ഗത്തിലേക്ക് പോകും. അവിടെയും ഊഞ്ഞാലിൽ ആടാറില്ലേ. അവിടെ നിങ്ങൾ രത്നജഡിത ഊഞ്ഞാലിൽ ആടും. ശ്രീകൃഷ്ണന്റെ ഊഞ്ഞാല് എത്ര ഭംഗിയായാണ് അലങ്കരിക്കുന്നത്. ശ്രീകൃഷ്ണനോട് സർവ്വർക്കും സ്നേഹമുണ്ട്. രാധാഗോവിന്ദനെ ഭജിക്കൂ, വൃന്ദാവനത്തിലേക്ക് പോകാം... എന്ന് പാടാറില്ലേ. നിങ്ങൾ ഇപ്പോൾ പ്രാക്ടിക്കലായി അവിടെ പോകുവാനായി തയ്യാറാകുന്നു. നമ്മളുടെ മനോകാമനകൾ പൂർണമാകുന്നു എന്ന് അറിയാം. നിങ്ങൾ ഇപ്പോൾ ഈശ്വരീയ പുരിയിലേക്ക് പോകുന്നു. ബാബ സർവ്വരെയും എങ്ങനെയാണ് കൊണ്ടുപോകുന്നതെന്ന് അറിയാം. വെണ്ണയിൽ നിന്ന് മുടിയെടുക്കുന്നതുപോലെ. ബാബ നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും നൽകുന്നില്ല. എത്ര സഹജമായാണ് ചക്രവർത്തി പദവി നൽകുന്നത്. എവിടേക്കാണോ പോകേണ്ടത് ആ തന്റെ കൃഷ്ണപുരിയെ ഓർമ്മിക്കൂ എന്ന് ബാബ പറയുന്നു. ഏറ്റവും ആദ്യം തീർച്ചയായും ബാബ നിങ്ങളെ വീട്ടിലേക്ക് കൊണ്ടുപോകും. പിന്നെ അവിടെനിന്നും സ്വർഗ്ഗത്തിലേക്ക് അയയ്ക്കും. ഇപ്പോൾ നിങ്ങൾ ശാന്തിധാമം വഴി ശ്രീകൃഷ്ണപുരിയിലേക്ക് പോകുകയാണ്. ഡൽഹിയിലൂടെ പോകാറുള്ളതുപോലെ. തിരിച്ച് മടങ്ങാൻ പോകുന്നു. പിന്നെ കൃഷ്ണപുരിയിലേക്ക് വരും എന്നിപ്പോൾ അറിയാം. നമ്മൾ ശ്രീമതമനുസരിച്ച് നടക്കുന്നുവെങ്കിൽ ബാബയെ ഓർമിക്കണം, പവിത്രമായിരിക്കണം. യാത്രാസമയത്ത് സാധാരണ പവിത്രമായിരിക്കുന്നു. പഠിത്തവും ബ്രഹ്മചര്യത്തിൽ പഠിക്കുന്നു. തീർച്ചയായും പവിത്രത വേണം. ബാബ കുട്ടികളെ കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. ഇപ്പോഴത്തെ നിങ്ങളുടെ പുരുഷാർത്ഥം കല്പകല്പത്തിലേതായിത്തീരും. പുരുഷാർത്ഥം ചെയ്യേണ്ടേ. ഈ സ്കൂൾ വളരെ വലുതാണെങ്കിൽ തീർച്ചയായും പഠിക്കണം. സ്വയം ഭഗവാൻ പഠിപ്പിക്കുന്നു. ഒരു ദിവസം പോലും മുടങ്ങുവാൻ പാടില്ല. വളരെ വിലമതിക്കപ്പെട്ട പഠിത്തമാണ്. ഈ ബാബ ഒരിക്കൽപോലും മുടക്കാറില്ല. ഇവിടെ നിങ്ങൾ കുട്ടികൾക്ക് സന്മുഖത്ത് ഖജനാവിനാൽ സഞ്ചി നിറയ്ക്കാൻ സാധിക്കും. പഠിക്കുന്നതിനനുസരിച്ച് ലഹരി ഉയരും. ബന്ധനം ഇല്ലായെങ്കിൽ നിൽക്കാൻ സാധിക്കും. എന്നാൽ മായ ഇങ്ങനെയാണ് ബന്ധത്തിൽ കുടുക്കുന്നു. അവധി ലഭിക്കുന്ന വളരെയധികം പേരുണ്ട്. പൂർണ്ണമായും റിഫ്രഷ് ആകു എന്ന് ബാബ പറയുന്നു. പുറത്ത് പോകുമ്പോൾ പിന്നെ ആ ലഹരി ഉണ്ടാകുന്നില്ല. കേവലം മുരളി വായിക്കുമ്പോൾ തന്നെ

ലഹരി കയറുന്ന വളരെപ്പേർ ഉണ്ട്. വളരെ ആപത്തുകൾ വരും. സഹായികളാകുന്ന നല്ല രീതിയിൽ സേവനം ചെയ്യുന്ന കുട്ടികൾക്ക് സഹായം ലഭിക്കും. അന്ത്യത്തിലും അവർക്ക് സഹായം ലഭിക്കും. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പഠിത്തം വളരെ വിലപ്പെട്ടതാണ്. സ്വയം ഭഗവാനാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് ഒരു ദിവസം പോലും മുടക്കരുത്. ജ്ഞാന ഖജനാവിനാൽ ദിവസവും സഞ്ചി നിറയ്ക്കണം.

2) ഇത് പഠിക്കേണ്ട സമയമാണ്, യാത്രയിലാണ്. രുദ്രയജ്ഞത്തെ സംരക്ഷിക്കണം, അതുകൊണ്ട് തീർച്ചയായും പവിത്രമായിരിക്കണം. ഏതെങ്കിലും വികാരത്തിന് വശപ്പെട്ട വിഘ്നം ഇടരുത്.

## വരദാനം:- ഭാഗ്യവിധാതാവായ ബാബയിലൂടെ ലഭിച്ചിട്ടുള്ള ഭാഗ്യത്തെ വിതരണം ചെയ്യുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഭാഗ്യശാലിയായി ഭവിക്കൂ

ഏറ്റവും വലിയ ഭാഗ്യം ഇതാണ് - ഭാഗ്യവിധാതാവായ ബാബ തന്റേതാക്കി മാറ്റി! ലോകത്തിലുള്ളവർ ദാഹിക്കുകയാണ് ഭഗവാന്റെ ഒരു നിമിഷത്തെ ദൃഷ്ടി പതിയാൻ എന്നാൽ താങ്കൾ സദാ നയനങ്ങളിൽ ലയിച്ചിരിക്കുന്നു. ഇതിനെയാണ് പറയുന്നത് ഭാഗ്യം. ഭാഗ്യം താങ്കളുടെ സമ്പത്താണ്. മുഴുവൻ കൽപത്തിലും ഇങ്ങനെയുള്ള ഭാഗ്യം ഇപ്പോൾ മാത്രമാണ് ലഭിക്കുന്നത്. അതുകൊണ്ട് ഭാഗ്യത്തെ വിതരണം ചെയ്തുകൊണ്ടേ പോകൂ. വർദ്ധിപ്പിക്കുന്നതിനുള്ള സാധനയാണ് വിതരണം ചെയ്യുക. എത്രത്തോളം മറ്റുള്ളവർക്ക് വിതരണം ചെയ്യുന്നോ അർത്ഥം ഭാഗ്യവാനാക്കുന്നോ അത്രയും ഭാഗ്യം വർദ്ധിച്ചുകൊണ്ടിരിക്കും.

## സ്ലോഗൻ:- നിർവ്വിഘ്നവും ഏകരസ സ്ഥിതിയുടെയും അനുഭവം ചെയ്യണമെങ്കിൽ ഏകാഗ്രതയുടെ അഭ്യാസം വർദ്ധിപ്പിക്കൂ.